I – A1

D2BML2201 (A1) (2 Pages) Reg. No:......................

Name: ..........................

**SECOND SEMESTER BA / B.Sc. DEGREE EXAMINATION APRIL 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL2A04T: മലയാള സാഹിത്യം 2**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഒരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. കാന്ത,യിന്നടിതകർന്ന സേതുപോൽ
   ദാന്തിയറ്റ ദയനീയയായിതേ.- സൂചിതം വ്യക്തമാക്കുക.
2. "ചാരുചിത്രപടഭംഗിപോലവൻ" - എന്താണ് ഇങ്ങനെ കണ്ടത് ?
3. സൂര്യൻ ഊഹിച്ചെടുക്കട്ടെയെന്ന് സൂര്യകാന്തി കരുതുന്നതെന്താണ് ?
4. അതിവിചിത്രമീ നൃത്തശിക്ഷാക്രമം - സൂചിതമെന്ത് ?
5. ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട ! - കാരണമെന്ത് ?
6. സൂതകുമാരൻ എവിടെയെല്ലാമാണ് കുതിരക്കൊമ്പുകൾ അന്വേഷിച്ചു ചെല്ലുന്നത് ?
7. ഇന്നു പഴയ കുതിരകൾ മാറ്റുക. - എന്ന വരികളിലെ സാംഗത്യം എന്ത് ?
8. നേരേ നടന്നവരെന്നറിഞ്ഞിട്ടുക
   നേരത്തെയെത്തിയോരെല്ലാം. - സൂചിതമെന്ത് ?
9. കേൾപ്പൂ ഞാനെന്തോ ശബ്ദം.- അപ്പോൾ മുന്നിൽ കണ്ട കാഴ്ച എന്തായിരുന്നു ?
10. "കാലം നേർപ്പിച്ച ആ ഉടൽ" - എന്ന പ്രയോഗം എന്തിനെ സൂചിപ്പിക്കുന്നു ?
11. ഭീഷ്മരുടെ സമ്മതപ്രകാരം സാല്വന്റെ അരികിലെത്തിയ അംബയുടെ അനുഭവമെന്തായിരുന്നു ?
12. ഇവർക്ക് അവളെ നേർവഴി തിരിക്കുക എളുപ്പമായിരുന്നു.- ആരെക്കുറിച്ച് ഏത് സാഹചര്യത്തിൽ പറഞ്ഞ വാക്കുകളാണിത് ?
13. ഇടപ്പള്ളിയുടെ ആത്മഹത്യ തത്ത്വചിന്താപരമായ ഒരു പരിവേഷം നേടിയെടുക്കുന്നതെങ്ങനെ എന്നാണ് കെ.പി അപ്പൻ അഭിപ്രായപ്പെടുന്നത് ?
14. ഈ ഭഗ്നജീവിതം മരണംകൊണ്ട് മാത്രമേ ഭദ്രമാകുകയുള്ളൂവെന്ന് ഇടപ്പള്ളി വിശ്വസിക്കാൻ കാരണമെന്ത് ?
15. 1940 കളോടെ നോവലുകളുടെ സ്ഥിതി മാറി എന്ന് രാജശേഖരൻ നിരീക്ഷിക്കുന്നതെങ്ങനെ ?

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ**

**ഉത്തരമെഴുതുക. ഒരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35**

16. "സന്തതം മിഹിരനാത്മശോഭയും
    സ്വന്തമാംമധു കൊതിച്ച വണ്ടിനും
    ചന്തമാർന്നരുളി നിൽക്കുമോമലേ,
    ഹന്ത! ധന്യമിഹ നിന്റെ ജീവിതം"
    - തന്റെ ജീവിതം ധന്യമല്ല എന്ന് നളിനി വിചാരിക്കാൻ കാരണമെന്ത് ?

(തുടർച്ച .... 2)

17. അവളപങ്കില ദൂരെയാണെങ്കില്ല -

മരികില്ലുണ്ടെനിക്കെപ്പൊഴും കൂട്ടിനായ് ! സന്ദർഭമെഴുതി വിശദമാക്കുക.

18. മലയാളത്തിലെ ആധുനികതയുടെ പ്രയോക്താവ് എന്ന നിലയിൽ അയ്യപ്പപ്പണിക്കരെ പരിചയപ്പെടുത്തുക.

19. "അപ്പോൾ അമ്മ നിനക്കു തന്ന

ഉമ്മകളിലൊന്ന് പകരം നൽകുക" - ഈ വരികളുടെ പൊരുൾ എന്ത് ?

20. രാമനന്നപ്പോൾ ആ കാര്യാകാര്യവിവേകം ഇല്ലാതെപോയി. മാരാർ ഇങ്ങനെ നിരീക്ഷിച്ചതെന്തുകൊണ്ട് ?

21. ജീവിതമെന്ന ഭൂമിയുടെ തിന്മ ഇടപ്പള്ളിയെ നിരന്തരമായി പീഡിപ്പിച്ചപ്പോൾ മരണത്തിന്റെ സൗന്ദര്യത്തിൽ അദ്ദേഹം അറിയാതെതന്നെ ആകൃഷ്ടനായി.- ഈ നിരീക്ഷണം വിശദമാക്കുക.

22. മലയാള നോവലിന്റെ ഉദ്ഭവത്തിനും വികാസത്തിനും കാരണമായ ഘടകങ്ങൾ വിശദീകരിക്കുക.

23. വൈരുദ്ധ്യങ്ങളുടേതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിന്റെ കേരളീയ സാമൂഹികരംഗം. ഇത് നോവൽ സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനമെന്തായിരുന്നു ?

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. സ്നേഹത്തിന് നിരവധി സൂക്ഷ്മഭാവങ്ങളുണ്ട്. അതിൽ സുന്ദരമായ ഒരു ഭാവമാണ് കവി "സൂര്യകാന്തി"യിൽ വരച്ചുകാണിക്കുന്നത് - ഉപന്യസിക്കുക.

25. കലാകാരന്റെ ആദർശലോകവും യഥാർത്ഥലോകവും തമ്മിലുള്ള പൊരുത്തക്കേടാണ് "കലോപാസകൻ" എന്ന കവിതയുടെ പ്രമേയം. - സമർത്ഥിക്കുക.

26. കാളിദാസനും കാലത്തിന്റെ ദാസൻ എന്ന നിരൂപണത്തിൽ മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

27. പരമ്പരാഗത സാഹിത്യനിരൂപണം, മാതൃത്വത്തിന്റെ കവി എന്ന് ചാപ്പ കുത്തി നിശബ്ദയാക്കിയ ഒരെഴുത്തുകാരിയാണ് ബാലാമണിയമ്മ എന്ന് കല്പറ്റ നാരായണൻ സമർത്ഥിക്കുന്നതെങ്ങനെ

**(2 × 10 = 20 മാർക്ക്)**